മോശയുടെ മുഖശോഭയും മുഖാവരണവും (പുറ.34)

പുരാതനസഭയിലെ ഒരുജ്ജ്വല താരമായ ഒരിജൻ (+253) മോശയുടെ മുഖശോഭയ്ക്കും മുഖാവരണത്തിനും നൽകിയ അർഥമെന്തെന്ന് നോക്കാം. പഴയനിയമത്തിന് ആലങ്കാരികാർഥം നൽകുന്ന രീതി യഹൂദരുടെ ഇടയിൽ പ്രചരിച്ചിരുന്നു. ആ ശൈലിയാണ് ഒരിജൻ പിന്തുടരുന്നത്.

സീനായ് മലയിൽ വച്ച് ദൈവവുമായി സംസാരിച്ച മോശയുടെ മുഖം പ്രശോഭിച്ചു. എന്നാൽ ഇക്കാര്യം മോശ അറിഞ്ഞില്ല. അവനെ സമീപിക്കാൻ ഇസ്രായേൽക്കാർ ഭയപ്പെട്ടു. മോശ ഒരു മൂടുപടം കൊണ്ട് മുഖം മറച്ചു. ദൈവത്തോട് സംസാരിച്ചപ്പോൾ മൂടുപടം നീക്കിയിരുന്നു. എന്നാൽ ജനത്തോട് സംസാരിച്ചപ്പോഴൊക്കെ മൂടുപടം ധരിച്ചിരുന്നു (പുറ.34,28-35).

ഈ സംഗതി വിശുദ്ധ പൗലോസ് ശ്ലീഹാ കൊറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനത്തിൽ വ്യാഖ്യാനിക്കുന്നു (3,6ff.): "എഴുതപ്പെട്ട നിയമം കൊല്ലുന്നു. ആത്മാവ് ജീവിപ്പിക്കുന്നു. കൽപ്പലകയിൽ എഴുതപ്പെട്ട മരണത്തിന്റെ നിയമം തേജസ്സിലാണ് നൽകപ്പെട്ടത്. ആ തേജസ്സ് മങ്ങിക്കൊണ്ടിരുന്നപ്പോൾ പോലും ഇസ്രായേൽ ജനത്തിന് നോക്കാൻ ആകാത്തവിധം മോശയുടെ മുഖത്തെ ഉജ്ജ്വലിപ്പിച്ചു. എങ്കിൽ, ആത്മാവിന്റെ ശുശ്രൂഷ എത്രയേറെ തേജസ്സുറ്റതായിരിക്കും!" തുടർന്ന് ദിവ്യശ്ലീഹാ എഴുതുന്നു: "ഇസ്രായേൽ മക്കൾ അവന്റെ മുഖത്ത് ഉറ്റുനോക്കാതിരിക്കാൻ, മോശ ഒരു മൂടുപടം മുഖത്തിട്ടതല്ല, മറിച്ച്, അവരുടെ ഇന്ദ്രിയങ്ങൾ ഗ്രഹണശക്തി കുറഞ്ഞവയായിരുന്നു. എന്തുകൊണ്ടെന്നാൽ മോശ വായിക്കപ്പെടുമ്പോൾ, ഈ ദിവസം വരെ അവരുടെ മനസ്സിൽ ഒരു മൂടുപടം കിടക്കുന്നു (2കൊറി.3,13-15).

മോശയുടെ മുഖം ശോഭിച്ചു. എന്നാൽ അവന്റെ മഹനീയശോഭയിൽ ഉറ്റുനോക്കുവാൻ ഇസ്രായേൽക്കാരുടെ മന്ദബുദ്ധി നിമിത്തം കഴിഞ്ഞില്ല. സിനഗോഗിലെ ജനത്തിന് കഴിഞ്ഞില്ല. അവർ മുഖാവരണത്തിലൂടെയാണ് നോക്കിയത്. "പഴയനിയമം വായിക്കുമ്പോൾ അവർ ഇപ്പോഴും മറയിലൂടെയാണ് ഗ്രഹിക്കുക." മോശ ഇപ്പോഴും മഹനീയനായി മഹത്വീകൃതനായി പ്രകാശിതമായ മുഖത്തോടെയാണ് സംസാരിക്കുന്നതെങ്കിലും, ആ മഹത്വം കാണാൻ അവർക്ക് കഴിയുന്നില്ല. കർത്താവിങ്കലേക്ക് തിരിഞ്ഞെങ്കിലേ ആ മറ നീങ്ങുകയുള്ളു എന്ന് പൗലോസ് ശ്ലീഹാ ഖണ്ഡിതമായി പറയുന്നു: "ക്രിസ്തുവിലൂടെ മാത്രമാണ് ആ മറ നീക്കപ്പെടുന്നത്"(2കൊറി.3,14). "കർത്താവിങ്കലേക്ക് തിരിയുമ്പോൾ, ആ മൂടുപടം നീക്കപ്പെടുന്നു" (3,16). മൂടുപടം നീക്കാനുള്ള വഴി കർത്താവിലേക്ക് തിരിയുക മാത്രമാണെന്നാണ് ദിവ്യശ്ലീഹായുടെ മതം. ഇസ്രായേൽക്കാരെപ്പോലെ നാമും പഴയനിയമം വായിക്കുമ്പോൾ, ഇപ്രകാരം മൂടുപടത്തിലൂടെ ആയിരിക്കും പ്രശോഭിതനായ മോശയെ കാണുക. പഴയനിയമം ഗ്രഹിക്കാതെ, വാച്യാർഥത്തിലെടുത്താൽ ഇപ്പോഴും മൂടുപടത്തിലായിരിക്കും കാണുക. നാം കർത്താവിലേക്ക് തിരിഞ്ഞില്ല എന്നർഥം.

"കർത്താവിലേക്ക് തിരിയുക" എന്നതിന്റെ അർഥമെന്ത്? "കർത്താവിൽ നിന്ന് അകലുക" എന്നതിന്റെ അർഥം ആദ്യം ആരായാം. പഴയനിയമം വായിക്കുമ്പോൾ, അത് വെറും ചരിത്രകഥയായി കാണുന്നവരൊക്കെ കർത്താവിൽ നിന്ന് അകലുന്നു. മോശ വായിക്കപ്പെടുമ്പോൾ, അതായത്, പഴയനിയമം വായിക്കുമ്പോൾ, ലൗകിക വ്യവഹാരങ്ങളിൽ മുഴുകിക്കഴിയുന്നവർ, ധനവും ലൗകികനേട്ടങ്ങളും മാത്രം കാര്യമായി കരുതുന്നവർ, കർത്താവിൽ നിന്ന് അകന്നു കഴിയുന്നവരാണ്. നേട്ടങ്ങൾക്കും ലൗകിക സമ്പാദ്യങ്ങൾക്കുമായി പരക്കം പാഞ്ഞ് നടക്കുന്നവർ, ലൗകികതയാൽ ബന്ധിതരായവർ, ഈ യുഗത്തിന്റെ മഹത്വത്തിൽ അതീവ തൽപ്പരർ ആയിരിക്കുകയും ലൗകിക ബഹുമാനം തേടുകയും ചെയ്യുന്നവർ, കർത്താവിൽ നിന്ന് അകന്നു കഴിയുന്നു. നിയമം ശ്രവിക്കുന്നെങ്കിലും, ഹൃദയത്തിലും ചിന്തകളിലും അലഞ്ഞുതിരിയുകയും അത് കണ്ണുകളിലും മുഖത്തും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നവരും അത്തരക്കാർ തന്നെ.

ഇവയ്ക്കെതിരെ ചെയ്യുന്നതൊക്കെ കർത്താവിങ്കലേക്കുള്ള തിരിച്ചിലാണ്. തീക്ഷ്ണതാപൂർവം ദൈവവചനം ശ്രവിക്കുകയും ദിനരാത്രങ്ങൾ കർതൃനിയമം ധ്യാനിക്കുകയും (സങ്കീ.1,2) ചെയ്യുന്നവർ കർത്താവിങ്കലേക്ക് തിരിയുന്നു. ലൗകികവിജ്ഞാനത്തിന് മനുഷ്യർ എത്രമാത്രം ധനം വ്യയം ചെയ്യുന്നു, ആയാസപ്പെടുന്നു, താൽപ്പര്യം കാട്ടുന്നു, സർവശ്രദ്ധയും കേന്ദ്രീകരിക്കുന്നു. ദൈവികമായ അറിവു നേടാൻ ആരാണ് മെനക്കെടുക! അതിന് എത്രമാത്രം സമയം ചെലവാക്കുന്നു! ദൈവികഗ്രന്ഥങ്ങളിൽ നിന്ന് അറിവ് ലഭിക്കു

ന്നില്ല എന്ന് പരിഭവപ്പെട്ടിട്ടു കാര്യമില്ല. നാം മിനക്കെടുന്നില്ല, നമുക്ക് ലഭിക്കുന്നുമില്ല. തിരുലിഖിതവായന കഴിഞ്ഞാണ് ചിലർ ദൈവാലയത്തിൽ എത്തുന്നത്, മറ്റുചിലർ എത്തിയാലും ദൈവാലയത്തിന് പുറത്തു നിൽക്കുന്നു. വേറേ ചിലർ പള്ളിയുടെ ഏതെങ്കിലും മൂലയിൽ കുത്തിയിരുന്ന് കാര്യം പറയുന്നു. ഇക്കൂട്ടരെ സംബന്ധിച്ച് മോശ വായിക്കപ്പെടുമ്പോൾ, മുഖാവരണമല്ല, പിന്നെയോ, അവർ വായനയ്ക്കും തങ്ങളുടെ ഹൃദയത്തിനും ഇടയിൽ ഒരു മതിലു തന്നെ തീർത്തിരിക്കുകയാണ്. മോശയുടെ മുഖം പ്രശോഭിച്ചു എന്നു പറഞ്ഞാൽ, അവൻ പറഞ്ഞ വാക്കുകൾ മഹത്വം നിറഞ്ഞവയാണ് എന്നർഥം. എന്നാൽ ആ മഹത്വം ആന്തരികവും മൂടപ്പെട്ടതും നിഗൂഢവുമാണ്.

പഴയനിയമത്തിൽ മോശയുടെ മുഖം മാത്രം ശോഭിച്ചു. എന്നാൽ കർതൃസന്നിധിയിൽ-താബോർ മലയിൽ വച്ച്-അവൻ പൂർണമായി പ്രശോഭിതനായി (മത്താ.17,1-8). "നീ എന്റെ പിൻഭാഗം കാണും" എന്ന് മോശയ്ക്കു നൽകിയ വാഗ്ദാനം താബോർ മലയിൽ പൂർത്തിയായി (പുറ.33,23). അന്ത്യനാളുകളിൽ സംഭവിച്ച മഹനീയത-നമ്മുടെ കർത്താവിന്റെ മഹത്വം-മോശ താബോറിൽ ദർശിച്ച് സന്തുഷ്ടനായി. മുഖശോഭയോടെ മോശ സീനായ് മലയിൽ നിന്ന് താഴേക്ക് ഇറങ്ങിവന്നു, മുഖം മാത്രമല്ല, പൂർണമായി മഹത്വീകൃതനായി അവൻ താബോർ മലയിൽനിന്ന് മുകളിലേക്ക് കരേറി. അതിനാൽ അവൻ സന്തോഷിച്ചു.

"നിങ്ങളുടെ ദൈവമായ കർത്താവ് എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങളുടെ സഹോദരന്മാരിൽ നിന്ന് എഴുന്നേൽപ്പിക്കും. എല്ലാറ്റിലും അവനെ നിങ്ങൾ ശ്രവിക്കണം"(ആവ.18,15). ആ പ്രവാചകനെ കണ്ട് മോശ സന്തുഷ്ടനായി; തന്റെ പ്രവചനം സത്യമായത് അവൻ കണ്ടു. അവൻ പിതാവിന്റെ സ്വരം കേൾക്കുകയും ചെയ്തു: "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു, ഇവനെ ശ്രവിക്കുവിൻ"(മത്താ.17,5). മോശയ്ക്ക് സന്തോഷമുണ്ടാകാൻ മറ്റൊരു കാരണവുമുണ്ട്. അവ്യക്തമായും നിഗൂഢമായും പ്രവചനാത്മകമായും താനുച്ചരിച്ചത് യാഥാർഥ്യമായപ്പോൾ, മോശ തന്നെ മുഖാവരണം നീക്കിക്കളഞ്ഞു. മോശ പറഞ്ഞത് ഇന്ന് സുവ്യക്തമാണ്. മോശ ഇപ്പോൾ മുഖാവരണം അണിയുന്നില്ല. അതു കർത്താവ് സ്ഥിരീകരിക്കുകയും ചെയ്തു: "മോശ എന്നെപ്പറ്റി പറഞ്ഞിരിക്കുന്നു" (യോഹ.5,46). "മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിൽ തന്നെപ്പറ്റി എഴുതിയിരുന്നവയെല്ലാം എമ്മാവോസിലേക്കു പോയവർക്ക് അവൻ വ്യാഖ്യാനിച്ചുകൊടുത്തു" (ലൂ.24,27)."വിശുദ്ധ ലിഖിതങ്ങൾ തന്നെയാണ് എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നത്"(യോഹ.3,9) എന്ന് വളരെ സ്പഷ്ടമായി അവിടുന്ന് യഹൂദരോട് പറഞ്ഞു.

കർത്താവിന്റെ പക്കലേക്ക് തിരിയുന്നവന് മറ നീക്കപ്പെടുന്നു. തുടർന്ന് പൗലോസ് ശ്ലീഹാ പറയുന്നു: "കർത്താവ് ആത്മാവാണ്"(2കൊറി.3,16-17). കർത്താവിനെ നാമിപ്പോൾ മനസ്സിലാക്കുന്നത് മഹത്വീകരിക്കപ്പെട്ട ആത്മാവായിട്ടാണ്. അപ്രകാരം മനസ്സിലാക്കിയില്ലെങ്കിൽ, നാമും പഴയ ഇസ്രായേലിനെപ്പോലെ മുഖാവരണത്തിലൂടെയാകും പുതിയ നിയമവും കാണുക. മുദ്രിതമായ ഗ്രന്ഥം തുറന്ന് നമ്മുടെ ഹൃദയം ഉജ്ജ്വലിപ്പിക്കാൻ, യൂദാഗോത്രത്തിലെ കുഞ്ഞാടിനോട് ദിനരാത്രങ്ങൾ പ്രാർഥിക്കുകയും ഗ്രഹിക്കാൻ തീക്ഷ്ണത കാട്ടുകയും വേണം (ഏശാ.29,11.12.;സങ്കീ.1,2; വെളി.5,5; ലൂ.24,32). "കർത്താവ് ആത്മാവാണ്, കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്" എന്ന് നിവേശിതഗ്രന്ഥകാരൻ പറഞ്ഞത് ഗ്രഹിക്കാൻ, കർത്താവ് നമ്മുടെ മനസ്സു തുറക്കാൻ പ്രാർഥിക്കാം.

ശ്രോതാക്കളുടെ കഴിവനുസരിച്ച് ദൈവവചനം വ്യത്യസ്തമായി അനുഭവപ്പെടുന്നു. അവിടുന്ന് വഴി,സത്യം, ജീവൻ, ഉത്ഥാനം, മാംസം, ആത്മാവ് എന്നു തുടങ്ങി വിവിധ പേരുകളിൽ അറിയപ്പെടുന്നു. വചനമാം ദൈവം കന്യകയിൽ നിന്ന് ശരീരമെടുത്ത് മനുഷ്യനായി അവതരിച്ചു എന്നതു സത്യംതന്നെ. ആ ശരീരത്തിൽ അവിടുന്ന് പീഡയനുഭവിച്ച് മരിച്ചു. എന്നാൽ വി. ശ്ലീഹാ പറയുന്നു:"ഒരിക്കൽ ഞങ്ങൾ മാനുഷികമായ കാഴ്ചപ്പാടിൽ ക്രിസ്തുവിനെ വീക്ഷിച്ചിരുന്നെങ്കിലും, ഇനിയൊരിക്കലും അങ്ങനെ ചെയ്യുകയില്ല (2 കൊറി.5,16). അതായത്, ക്രിസ്തുവിനെപ്പറ്റി സൂക്ഷ്മവും ആത്മീയവുമായ ധാരണയുണ്ടാകണമെന്നർഥം. അതുപോലെ നിയമത്തെ ജഡികമായി-അക്ഷരാർഥത്തിൽ-കാണാതെ, ഹൃദയത്തിൽ നിന്ന് മറ നീക്കി കർത്താവിങ്കലേക്ക് തിരിയണം. മാംസമായ കർത്താവിനെയല്ല, ആത്മാവായ കർത്താവിനെ കാണാൻ കഴിയണം. അതാണ് കർത്താവ് ഉത്ഥാനദിവസം മറിയത്തോടു പറഞ്ഞത്: "നീ എന്നെ സ്പർശിക്കരുത്". അതായത,്ജഡികമായി മനസ്സിലാക്കരുത്. അങ്ങനെ ജഡികമായവയിൽ നിന്ന് ആത്മീയമായവയിലേക്ക് എത്തിച്ചേരണം. അപ്പോൾ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക് കടക്കും. കാരണം, കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്.

എന്നാൽ എല്ലാവർക്കും ഈ ധാരണയിൽ എത്തിച്ചേരാൻ സാധ്യമല്ല. അത്തരക്കാരോട് പൗലോസ് പറയുന്നു:"യേശുക്രിസ്തുവിനെ കുറിച്ചല്ലാതെ, അതും ക്രൂശിതനായവനെ കുറിച്ചല്ലാതെ, മറ്റൊന്നിനെക്കു

റിച്ചും അറിയേണ്ടതില്ലെന്ന് ഞാൻ തീരുമാനിച്ചു" (1കൊറി.2,2). അത്തരക്കാരോട് "കർത്താവ് ആത്മാവാണ്", "കർത്താവ് വിജ്ഞാനമാണ് ''എന്നൊക്കെ പറഞ്ഞാൽ, അവർക്ക് ഗ്രഹിക്കാനാവില്ല (1കൊറി.1,21.24). അവർക്ക് ക്രൂശിതനായ ക്രിസ്തുവിനെ മാത്രമേ അറിയാൻ കഴിവുള്ളു. "എന്നാൽ പക്വമതികളോട് ഞങ്ങൾ വിജ്ഞാനം പ്രസംഗിക്കുന്നു. പക്ഷേ ലൗകികവിജ്ഞാനമല്ല...രഹസ്യവും നിഗൂഢവുമായ ദൈവികവിജ്ഞാനമാണ് ഞങ്ങൾ പ്രസംഗിക്കുന്നത് '' (1കൊറി.2,6-7). അതായത്, ഇവിടെ ജഡികമായ ധാരണയിൽ നിന്ന് ആത്മീയമായ കാഴ്ചപ്പാടിലേക്ക് ഉയരുന്നത് ദൃശ്യമാണ്. എന്നാൽ "കർത്താവ് ആത്മാവാണ്. കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട് " (2കൊറി.3,17). ഈ സ്വാതന്ത്ര്യം അനുഭവിക്കുന്ന ശ്ലീഹാ പറയുന്നു: "കർത്താവിന്റെ മഹത്വം മൂടുപടം അണിയാതെ നാം ദർശിക്കുന്നു" (2കൊറി.3,18).

നമ്മുടെ ഉള്ളിൽ നിന്ന് മൂടുപടം നീങ്ങിക്കിട്ടാൻ, ആത്മീയമായി മനസ്സിലാക്കാൻ, നമുക്ക് ശ്രമിക്കാം. അതിനു നാം കർത്താവിങ്കലേക്ക് തിരിയണം. എന്നാൽ നാം ലോകസേവകരും ധനസേവകരും ജഡസേവകരുമായാൽ, എങ്ങനെ കർത്താവിങ്കലേക്ക് തിരിയാനാകും? ഇവയ്ക്ക് ഞാൻ വിധേയനാണെങ്കിൽ, ഞാൻ കർത്താവിങ്കലേക്ക് തിരിഞ്ഞു എന്നു പറയാനാവില്ല. അവ എന്നെ ബന്ധിക്കുമ്പോൾ, ഞാൻ സ്വതന്ത്രനുമല്ല. എന്നെ ബന്ധിതനാക്കിയതിന്റെ അടിമയാണ് ഞാൻ. ഞാൻ ക്രിസ്തുവിന്റെ സ്വതന്ത്രനല്ല. ഒരുപക്ഷേ എനിക്ക് ധനാസക്തിയോ, ജഡികാസക്തിയോ സമ്പത്തിനോടുള്ള അമിതാഭിവാഞ്ഛയോ ഇല്ലായിരിക്കാം. എന്നാൽ മനുഷ്യരുടെ സ്തുതിയും പുകഴ്ചയും മാനുഷികമഹത്വവും ഞാൻ തേടിയാൽ, അവരുടെ വാക്കുകളിലാണ് എന്റെ സമനില നിൽക്കുന്നതെങ്കിൽ, ഞാൻ അവരുടെ അടിമയാണ്. "നിങ്ങൾ സ്വാതന്ത്ര്യത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു, നിങ്ങൾ മനുഷ്യരുടെ അടിമയാകരുത്" എന്ന ദിവ്യപ്രബോധനം നാം പിൻചെല്ലുന്നെങ്കിൽ, നാം ഇവയൊന്നും പരിഗണിക്കാൻ പാടില്ല. ഇവയിൽ നിന്നൊക്കെ നമ്മെ വിടുവിക്കാൻ ആർക്കു കഴിയും? "പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർഥത്തിൽ സ്വതന്ത്രരാകും" (യോഹ.8,36). വിശ്വസ്തതാപൂർവം ശുശ്രൂഷിക്കുന്ന അടിമയ്ക്കു മാത്രമേ യജമാനൻ സ്വാതന്ത്ര്യം നൽകുന്നുള്ളു. അതുകൊണ്ട് നമ്മുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും സർവശക്തിയോടും കൂടെ വിശ്വസ്തതാപൂർവം സേവിക്കാം. മുഖാവരണരഹിതരായി, മഹിമയുടെ സിംഹാസനത്തെ സമീപിച്ച് ഉറ്റുനോക്കാം. അവിടുന്ന് നമ്മെ മുഴുവനായി പ്രശോഭിപ്പിക്കട്ടെ. അങ്ങനെ പഴയനിയമവും പുതിയനിയമവും രേഖപ്പെടുത്താൻ ഗ്രന്ഥകാരന്മാരെ പ്രചോദിപ്പിച്ച ആത്മാവ്, അവ ആത്മീയമായി ഗ്രഹിക്കാൻ നമ്മെയും പ്രചോദിപ്പിക്കട്ടെ.

ചുരുക്കത്തിൽ, മോശയുടെ മുഖശോഭ എന്നു പറഞ്ഞാൽ, മോശ അവതരിപ്പിച്ച ദിവ്യസന്ദേശം എന്ന് മനസ്സിലാക്കാം. അത് സ്വീകരിക്കാൻ ഇസ്രായേൽക്കാർ അശക്തരായിരുന്നു. അവർ ഒരു മുഖാവരണത്തിലൂടെ അത് മനസ്സിലാക്കി. ഇന്നും അവർ അതിൽ ഇടറി തട്ടിവീണു കിടക്കുന്നു. ക്രിസ്തുവിലേക്ക് തിരിഞ്ഞെങ്കിൽ മാത്രമേ മോശയെ മനസ്സിലാക്കാൻ സാധിക്കൂ. മുഖാവരണം എന്നു പറഞ്ഞാൽ, അവരുടെ വാച്യാർഥത്തിലുള്ള മനസ്സിലാക്കൽ എന്നർഥം. മോശ പറഞ്ഞത് പുതിയനിയമ പശ്ചാത്തലത്തിൽ മാത്രമേ സുഗ്രാഹ്യമാകൂ. അതിന് അവർ സന്നദ്ധരാകാത്തിടത്തോളം കാലം അവർ തപ്പിത്തടയുക ആയിരിക്കും. പുറജാതികളുടെ പൂർണത കടന്നുവരുന്നതുവരെയും ഇത് തുടരുമെന്നാണ് പൗലോസ് ശ്ലീഹായുടെ അഭിപ്രായം. പഴയനിയമം വാച്യാർഥത്തിൽ എടുക്കുന്നവർക്കെല്ലാം ഈ മറ ഉണ്ടായിരിക്കും എന്നതിന് രണ്ടുപക്ഷമില്ല.